LIBRARY ARCHIVES Kerala Legislative Assembly

സ്വയംസഹായ സംഘങ്ങൾ വഴി എസ്.ജി.എസ്.വൈ. പദ്ധതി നടപ്പിലാക്കുന്നതിന് നിർദ്ദേശം

207 (499) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംസഹായ സംഘങ്ങൾ വഴി എസ്.ജി.എസ്.വൈ. പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര നിർദ്ദേശമുണ്ടോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് പഞ്ചായത്തും കുടുംബശ്രീയും ചേർന്ന് നടപ്പിലാക്കണമെന്ന നിർദ്ദേശത്തിന് കേന്ദ്ര തീരുമാനം ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതി മറ്റേതെങ്കിലും സന്നദ്ധ സംഘം വഴി നടപ്പിലാക്കാൻ കേന്ദ്ര നിർദ്ദേശം ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സ്വയം സഹായ സംഘങ്ങളായി സംഘടിപ്പിച്ച് അവയ്ക്ക് സഹായം ലഭ്യമാക്കി നടപ്പിലാക്കുന്നതിനാണ് കേന്ദ്ര സർക്കാർ എസ്.ജി.എസ്.വൈ. പദ്ധതിയിൽ മുൻഗണന നൽകിയിട്ടുള്ളത്.

(ബി) എസ്.ജി.എസ്.വൈ. പദ്ധതിയുടെ കാര്യത്തിൽ (പദ്ധതിയുടെ കാര്യത്തിൽ) ഇത്തരത്തിലുള്ള ഒരു നിർദ്ദേശം പരിഗണനയിലില്ല. എന്നാൽ എസ്.ജി.എസ്.വൈ പദ്ധതി നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ (എൻ.ആർ.എൽ.എം) ആയി പുനഃസംഘടിപ്പിക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനിച്ചിട്ടുണ്ട്. എൻ.ആർ.എൽ.എം. പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ പ്രകാരം രൂപീകരിക്കേണ്ട സംസ്ഥാനതലമിഷൻ സംസ്ഥാനത്തിന്റെ കാര്യത്തിൽ കുടുംബശ്രീ മിഷൻ ആയിരിക്കുമെന്ന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ തീരുമാനം ആവശ്യമില്ല. കൂടാതെ ഈ പദ്ധതി പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ വ്യവസ്ഥയുണ്ട്.

(സി) ഇല്ല.

എളവള്ളി ഗ്രാമപഞ്ചായത്തിൽ ബിവറേജ് അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ്

208 (500) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്ത് ബിവറേജ് അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിലെ എളവള്ളി ഗ്രാമപഞ്ചായത്തിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ട് 29-6-2010-ന് അപേക്ഷ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. എന്നാൽ ബി.ഒ.ടി കമ്മിറ്റിയുടെ പരിഗണനയ്ക്കായി പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല

തീരദേശ കെട്ടിട നിർമ്മാണത്തിനുള്ള അനുമതി

209 (501) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്ത് നിന്ന് എത്ര മീറ്റർ ദൂരപരിധി വച്ചാണ് പുതിയ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലുള്ള നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ഏതെങ്കിലും പ്രദേശത്തിന് വേണ്ടി നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏത് പ്രദേശത്തിന് വേണ്ടിയാണെന്ന് അറിയിക്കുമോ; പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ തീരദേശങ്ങളെ പൊതുവിൽ സി.ആർ.ഇസഡ് I, II, III ആയി തിരിച്ചിട്ടുണ്ട്. സി.ആർ.ഇസഡ് III മേഖലയിൽ കടൽതീരത്ത് ഹൈടൈഡ് ലൈനിൽ നിന്നും 500 മീറ്റർ വരെ തീരദേശ നിയന്ത്രണ മേഖലയാണ്. ഈ മേഖലയിൽ 200-500 മീറ്റർ വരെയുള്ള സ്ഥലത്ത് 1991-ലെ സി.ആർ.ഇസഡ് വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുവാദം നൽകുവാൻ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് അധികാരമുണ്ട്. സി.ആർ.ഇസഡ് II മേഖലയിൽ അംഗീകൃത കെട്ടിടങ്ങളുടെ റോഡുകളുടെ കരഭാഗത്ത് വ്യവസ്ഥകൾക്ക് വിധേയമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിട്ടി/കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അനുമതി നൽകുന്നതാണ്.

(ബി) ഇല്ല.

ബിനീഷ് വർഗ്ഗീസിന്റെ നിയമനം

210 (502) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ രജിസ്ട്രേഷൻ വകുപ്പിൽ ക്ലാർക്കായിരിക്കെ അണ്ടർ വാല്വേഷൻ ഇനത്തിൽ കിട്ടിയ 35000 രൂപ വെട്ടിപ്പ് നടത്തിയതിന് സർവ്വീസിൽ നിന്നും പുറത്താക്കപ്പെട്ട പുൽപ്പള്ളി സ്വദേശി ബിനീഷ് വർഗീസിന് ഗ്രാമവികസന വകുപ്പിൽ നിയമനം ലഭിക്കാൻ ഇടയാക്കിയത് സംബന്ധിച്ച് അന്വേഷണം നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly